# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 704** **02/11/2011-ൽ മറുപടിക്ക്**

## ബദൽ സ്കൂളുകൾ പ്രവർത്തനം

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. വിജയദാസ് :
,, കെ. കുഞ്ഞമ്മത് മാസ്റ്റർ :

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ആയിരക്കണക്കിന് ആദിവാസി വിദ്യാർത്ഥികൾക്ക് പഠനത്തിന് ആശ്രയമായിരുന്ന ബദൽ സ്കൂളുകൾ എന്നു വരെ പ്രവർത്തനക്ഷമമായിരുന്നു;

എ) ഭിന്നതല പഠന കേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

ബി) ഈ സർക്കാർ അധികാരമേറ്റശേഷം ബദൽ സ്കൂൾ അദ്ധ്യാപകരുടെ കരാർ പുതുക്കി നൽകാതിരുന്നിട്ടുണ്ടോ;

ബി) വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ബദൽസ്കൂളുകളുടെ പ്രവർത്തനത്തിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവാദവും ഫണ്ടും ലഭ്യമാക്കിയിട്ടില്ല. തുടർന്ന് ബദൽ സ്കൂളുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 2011-12 അദ്ധ്യയന വർഷം തുടരാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

സി) ഏതെല്ലാം ജില്ലകളിൽ എത്രവീതം ബദൽ സ്കൂളുകളാണ് മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തനക്ഷമമായിരുന്നത്;

സി) വിവിധ ജില്ലകളും ബദൽ സ്കൂളുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 47 |
| കൊല്ലം | 3 |
| പത്തനംതിട്ട | 12 |
| ഇടുക്കി | 105 |
| എറണാകുളം | 20 |
| എറണാകുളം മെട്രോ | 15 |
| തൃശ്ശൂർ | 7 |
| പാലക്കാട് | 33 |
| മലപ്പുറം | 47 |
| കോഴിക്കോട് | 26 |
| വയനാട് | 54 |
| കണ്ണൂർ | 19 |
| കാസർഗോഡ് | 58 |
| **ആകെ** | **446** |

(.....2)

| | | | |
|---|---|---|---|
| ഡി) | മുൻ സർക്കാർ ബദൽ സ്കൂൾ തുടർന്നും പ്രവർത്തിപ്പിച്ചത് ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് എത്രത്തോളം സഹായകരമായിരുന്നു; വിശദമാക്കാമോ? | ഡി) | ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന എം.ജി.എൽ.സി. കളിലെ കുട്ടികൾക്ക് സൗജന്യ പാഠ പുസ്തകം, പഠനോപകരണങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം, തൊഴിൽ പരിശീലനം തുടങ്ങിയ സഹായ സൗകര്യങ്ങൾ നൽകിയിട്ടിട്ടുണ്ട്. ഓരോ ഗ്രേഡിലും നിലവാരം ഫലപ്രദമായി പൂർത്തിയാക്കിയ പഠിതാക്കളെ പൊതു വിദ്യാലയങ്ങളിലെത്തിച്ച് പഠനം തുടരുന്നതിന് ഇതുമൂലം സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ നിന്നു പല കാരണങ്ങളാൽ മാറി നിൽക്കേണ്ടിവരുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ചവയാണ് ബദൽ പഠന കേന്ദ്രങ്ങൾ(എം. ജി. എൽ. സി.) അഥവാ ബദൽ സ്കൂളുകൾ. നിലവിൽ സംസ്ഥാനത്തു 365 എം. ജി. എൽ. സികളിലായി 8473 കുട്ടികൾ പഠിക്കുന്നുണ്ട്. ഒന്നു മുതൽ നാലു വരെ ഗ്രേഡുകളിലെ കുട്ടികൾ ഒരേ ക്ലാസ്സിലിരുന്ന് ഒരേ അധ്യാപകന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നു എന്നതാണ് ഇത്തരം വിദ്യാലയങ്ങളുടെ പ്രത്യേകത. തദ്ദേശവാസികളായ, പത്താം ക്ലാസ് വിജയിച്ച വിദ്യാഭ്യാസ വോളന്റിയർമാരാണ് ഇവിടെ അധ്യാപകരായി പ്രവർത്തിക്കുന്നത്.

ഓരോ ഗ്രേഡിന്റെയും നിലവാരം ഫലപ്രദമായി പൂർത്തിയാക്കുന്ന പഠിതാക്കളെ പൊതു വിദ്യാലയത്തിലെത്തിച്ച് പഠനം തുടരാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എം. ജി. എൽ. സികളിലെ വിദ്യാർഥികൾക്കു സൗജന്യ പാഠപുസ്തകം, പഠനോപകരണങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം, പുറം വാതിൽ പഠനം, സഹവാസ ക്യാംപുകൾ, പഠനത്തോടൊപ്പം തൊഴിൽ പരിശീലനം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള മെഡിക്കൽ ക്യാംപും ഉപകരണ വിതരണവും, ഇരിപ്പിടങ്ങൾ, ലൈബ്രറി തുടങ്ങിയ ആനുകൂല്യങ്ങൾ സർവശിക്ഷാ അഭിയാൻ മുഖേന ലഭ്യമാക്കുന്നുണ്ട്.

നടപ്പു സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ കേന്ദ്ര സർക്കാർ ഈ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനത്തിനുള്ള അനുവാദവും ഫണ്ടും ലഭ്യമാക്കിയില്ല.

എന്നാൽ എം. ജി. എൽ. സികളുടെ പ്രവർത്തനം ഈ അധ്യയന വർഷം തുടരാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയായിരുന്നു(സ. ഉ. (എം. എസ്.) 173/2011/പൊ. വി. വ. തീയതി: 11.08.2011). ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ 3.43 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തു(സ. ഉ. (സാധാ) 6603/2011/ധന. തീയതി: 26.08.2011). എം. ജി. എൽ. സി. ജീവനക്കാരുടെ ഓണറേറിയവും മറ്റും വിതരണം ചെയ്യാൻ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നിർദേശം നൽകിയിട്ടുമുണ്ട്(കത്ത് നമ്പർ 48883/ഡി 2/2011/പൊ. വി. വ. തീയതി: 27.08.2011).

സെക്ഷൻ ഓഫിസർ